(ബി) സ്ത്രീകൾക്ക് നേരെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയാൻ കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) സ്ത്രീകൾക്ക് നേരെയുണ്ടായിട്ടുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ക്രൈം റിക്കോർഡ്സ് ബ്യൂറോ തയ്യാറാക്കിയ കണക്കുകൾ വിശദമാക്കുമോ ;

(ഡി) ഈ കുറ്റകൃത്യങ്ങളിൽപ്പെട്ട എത്ര പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ട്; എത്ര കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കാൻ ബാക്കിയുണ്ട് ;

(ഇ) സ്ത്രീകളുടെ സുരക്ഷയ്ക്ക് കൂടുതൽ നിയമനിർമ്മാണം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്ത്രീകളുടെ സുരക്ഷയ്ക്ക് നിലവിലുള്ള നിയമങ്ങളും വ്യവസ്ഥകളും പര്യാപ്തമാണ്.

(ബി) കഴിയുന്നുണ്ട്.

(സി&ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

245 (249) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികൾക്കെതിരെ എത്ര അതിക്രമങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടവരുടെയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെയും എണ്ണം ലഭ്യമാക്കാമോ ;

(സി) അന്വേഷണം പൂർത്തിയായ കേസ്സുകളെത്രയെന്നും കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇതിൽ വിചാരണ പൂർത്തിയായ കേസ്സുകളെത്രയാണ് ; ശിക്ഷിക്കപ്പെട്ടവർ എത്രയെന്നും വെറുതെ വിട്ടവർ എത്രയെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 7095 അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) 7443 പേരെ അറസ്റ്റ് ചെയ്യുകയും 670 പേരെ അറസ്റ്റ് ചെയ്യാനുമുണ്ട്.

(സി) അന്വേഷണം പൂർത്തിയായ കേസുകൾ - 5402

കുറ്റപത്രം കോടതിയിൽ സമർപ്പിച്ച കേസുകൾ - 5183

(ഡി) വിചാരണ പൂർത്തിയായ കേസുകൾ - 276

ശിക്ഷിക്കപ്പെട്ടവർ - 133

വെറുതെ വിട്ടവർ - 138

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

246 (250) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ എത്ര അതിക്രമക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാലയളവിൽ നടന്ന കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, മാനഭംഗപ്പെടുത്തലുകൾ മറ്റ് പീഡനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കേസുകളിലെല്ലാമായി ഇതിനകം അറസ്റ്റ് ചെയ്യപ്പെട്ടവർ, ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ട കേസുകൾ എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 53692 കേസുകൾ

(ബി) കൊലപാതകങ്ങൾ - 468

ബലാത്സംഗങ്ങൾ - 4703

മാനഭംഗപ്പെടുത്തലുകൾ - 17824

മറ്റുതരത്തിലുള്ള പീഡനങ്ങൾ - 30697

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർ - 60886

അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവർ - 5811

(ഡി) 43850 കേസുകൾ.